തോട്ടം തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയ സൗജന്യ റേഷൻ

28 [2680] ശ്രീ. വി. ഡി. സതീശൻ:
" എൻ. ശക്തൻ:
" കെ. മുഹമ്മദാലി:
" എ. പി. അനിൽകുമാർ:
" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര തോട്ടം തൊഴിലാളി കുടുംബങ്ങൾക്ക് ഈ വർഷം ഇതുവരെ സൗജന്യമായി റേഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ഈ വർഷം ഇതുവരെ എന്തു തുക ചെലവഴിച്ചു;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സഹായം തേടിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര സഹായത്തോടെ സംസ്ഥാന സർക്കാർ 2002 ആഗസ്റ്റ് മുതൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ഓരോ തൊഴിലാളി കുടുംബത്തിനും ആഴ്ചയിൽ 10 കിലോ അരി വീതം സൗജന്യമായി നൽകുന്നുണ്ട്. 1580.79 ടൺ അരി വിതരണം നടത്തുകയും 21120 തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ആറ് ആഴ്ചകളോളം അരി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ തുക ഉപയോഗിച്ച് 12-5-2003 മുതൽ നാലാഴ്ച 10 കിലോ അരി വീതം വിതരണം നടത്തിയിട്ടുണ്ട്. 30-6-2003-ൽ തുടങ്ങിയ നാല് ആഴ്ചകളിൽ 10 കിലോ അരി വീതം വിതരണം നടത്തുന്നതിന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 6-11-2002 മുതൽ സർക്കാർ ഉത്തരവ് 2326/02/റവന്യൂ എന്ന ഉത്തരവു പ്രകാരം തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് കേന്ദ്രസർക്കാരിന്റെ 'ജോലിക്ക് ഭക്ഷണം' പദ്ധതി പ്രകാരം അരി വിതരണം നടത്തുന്നുണ്ട്. കൂടാതെ ഈ മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഡെലിഗേഷൻ പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്.

കർഷകത്തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

29 [2681] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായത്തിനായുള്ള എത്ര അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുവാനുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതിന് എത്ര രൂപ വേണ്ടിവരുമെന്നറിയിക്കാമോ;

(സി) ഏതു വർഷംമുതലുള്ള അപേക്ഷകളാണ് തീർപ്പുകൽപ്പിക്കുവാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) മുഴുവൻ അപേക്ഷകളിലും തീർപ്പുകൽപ്പിച്ച് ഏതു തീയതിക്കകം ആനുകൂല്യം വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 35411 അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുവാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

തിരുവനന്തപുരം	..	1738
കൊല്ലം	..	1723
പത്തനംതിട്ട	..	585
ആലപ്പുഴ	..	3361
കോട്ടയം	..	2390
ഇടുക്കി	..	770
എറണാകുളം	..	2397
തൃശ്ശൂർ	..	3341
പാലക്കാട്	..	4966
മലപ്പുറം	..	2885
കോഴിക്കോട്	..	5478
വയനാട്	..	704
കണ്ണൂർ	..	4033
കാസർഗോഡ്	..	1060

(ബി) 7,08,22,000 രൂപ വേണ്ടിവരും.

(സി) ഓരോ ജില്ലയിലും ഏത് തീയതി മുതലുള്ള അപേക്ഷകളാണ് തീർപ്പുകൽപ്പിക്കുവാൻ ബാക്കിയുള്ളതെന്ന വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	10-10-2001
കൊല്ലം	..	30-12-2000
പത്തനംതിട്ട	..	31-12-2001
ആലപ്പുഴ	..	30-6-2001
കോട്ടയം	..	30-4-2001
ഇടുക്കി	..	13-9-2001

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം	..	31-5-2001
തൃശ്ശൂർ	..	31-1-2001
പാലക്കാട്	..	31-5-2001
മലപ്പുറം	..	30-3-2001
കോഴിക്കോട്	..	10-4-2001
വയനാട്	..	29-6-2002
കണ്ണൂർ	..	20-2-2001
കാസർഗോഡ്	..	30-7-2001

(ഡി) തൊഴിലാളികളിൽ നിന്നുമുള്ള അംശദായം പ്രതിമാസം 2 രൂപയും, മുവുടമാ വിഹിതവുമാണ് ബോർഡിന്റെ പ്രധാന വരുമാനങ്ങൾ. ബോർഡ് വിതരണം ചെയ്യുന്ന ക്ഷേമാനുകൂല്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, വരുമാനം പരിമിതമാണ്. ആയതിനാൽ കുടിശ്ശിക നിൽക്കുന്ന അപേക്ഷകളിൽ ആനുകൂല്യം വിതരണം ചെയ്യുന്നതിന് സമയപരിധി നിശ്ചയിക്കുവാൻ നിർവ്വാഹമില്ല. ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതനുസരിച്ച് ആനുകൂല്യങ്ങൾ മുഴുവനും കൊടുത്തുതീർക്കുന്നതാണ്.

പ്രവർത്തനം നിലച്ച എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്കുള്ള സൗജന്യ റേഷൻ

30 [2682] ശ്രീ. പി. ടി. തോമസ്:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എൻ. ഡി. അപ്പച്ചൻ:
„ ഇ. എം. അഗസ്തി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ പ്രവർത്തനം നിലച്ച ഏതെല്ലാം എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്കാണ് സൗജന്യ റേഷൻ കൊടുത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഒട്ടാകെ എത്ര പേർക്ക് സൗജന്യ റേഷൻ കൊടുത്തു;

(സി) സൗജന്യ റേഷൻ ലഭിക്കാൻ അർഹതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയതാരാണ്;

(ഡി) ഈ ലിസ്റ്റിൽ തോട്ടം തൊഴിലാളികൾ അല്ലാത്തവർ എത്ര പേരുണ്ട്;

(ഇ) നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കും സൗജന്യ റേഷൻ കൊടുത്തിട്ടുണ്ടോ;

(എഫ്) സൗജന്യ റേഷന് അർഹതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയതിൽ ക്രമക്കേടുണ്ടെന്ന് പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തുനടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly